"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - കവടിയാർ - വഴയില റോഡ് വികസനം - പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എൽ.എ.ആർ കേസ് 786/08-ന്മേൽ - ബാലൻസ് വിധിക്കടത്തുക - ശ്രീ. മോഹനകുമാരൻ നായർക്ക് നൽകുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2883/2022/LSGD   തീയതി,തിരുവനന്തപുരം, 21-11-2022

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18.03.2019
2. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 13/10/2021-ലെ എൽ.എ.ആർ 786/2008 നമ്പർ കേസിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01.06.2022 തീയതിയിലെ കെ15-424336/22 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01.07.2022 തീയതിയിലെ എ3/2817/2007/ടിഡ നമ്പർ കത്ത്

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡ് വികസനത്തിനായി കവടിയാർ വില്ലേജിലെ സർവ്വേ നമ്പർ 38/6-ൽപ്പെട്ട ശ്രീ. മോഹനകുമാരൻ നായരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.33 ആർ സ്ഥലം ഏറ്റെടുക്കുകയുണ്ടായി. തിരുവനതപുരം സബ്കോടതിയിലെ ബന്ധപ്പെട്ട എൽ.എ.ആർ 786/08 നമ്പർ കേസിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 20,59,614/- രൂപ (ഇരുപത് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി അറുന്നൂറ്റി പതിനാല്ല രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം ടിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദേശങ്ങളുടെയും തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ 786/08 നമ്പർ കേസിലെ പരാമർശം (2)-ലെ വിധിന്യായത്തിന്റേയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 20,59,614/- രൂപ (ഇരുപത് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി അറുന്നൂറ്റി പതിനാല്ല രൂപ മാത്രം) ശ്രീ. മോഹനകുമാരൻ നായർ (ജാസ്മിൻ, റ്റി.സി4/462-3, ടോൾ ജംഗ്ഷൻ, കവടിയാർ)-ക്ക്, '4217-60-800-93-PAYMENT OF COMPENSATION IN LAR CASES' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ശ്രീ. മോഹനകുമാരൻ നായർ, ജാസ്മിൻ, റ്റി.സി 4/462-3, ടോൾ ജംഗ്ഷൻ, കവടിയാർ
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
നിയമവകുപ്പ് (സ്യൂട്ട് II1/183/2022-LAW, dated 28/10/2022)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/140/2022-LSGD)

ഉത്തരവിൻ പ്രകാരം
Signed by Vijitha M B
Date: 22-11-2022 10:49:17
സെക്ഷൻ ഓഫീസർ